11725
11/9/15

**കേരള സർക്കാർ**

നം : 18193/സി2/2015/ഐ & പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി, 09/09/2015

**ക്വട്ടേഷൻ**

2016 ജനുവരി 26 - ന് ന്യൂഡൽഹിയിലെ റിപ്പബ്ലിക് ദിന പരേഡിനോടനുബന്ധിച്ച് കേരളം അവതരിപ്പിക്കാനുദ്ദേശിക്കുന്ന ടാബ്ലോയുടെ ഡിസൈൻ തയ്യാറാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള കലാകാരന്മാർ / ശിൽപ്പികൾ/ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനത്തിനർഹരായവർ എന്നിവരിൽ നിന്ന് മത്സരാധിഷ്ടിത ക്വട്ടേഷനുകൾ ക്ഷണി ച്ചുകൊള്ളുന്നു.

ഡിസൈൻ തയ്യാറാക്കാനുള്ള വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തിന്റെ ചരിത്ര പശ്ചാത്തലമുൾക്കൊള്ളുന്ന വിഷയം.
2. ഉത്സവങ്ങൾ
3. സാംസ്കാരിക പൈതൃകം വെളിപ്പെടുത്തുന്ന വിഷയം.
4. സംസ്ഥാനത്തെ വികസന പ്രവർത്തനം വിലയിരുത്തുന്നതും, ദേശീയ പ്രാധാന്യമുള്ള പരേഡുകളിൽ പ്രദർശിപ്പിക്കാൻ യോഗ്യവുമായ പദ്ധതികളുടെ ദൃശ്യങ്ങൾ.
5. പ്രകൃതി ദൃശ്യങ്ങൾ.
6. കാർഷിക വിഭവങ്ങൾ.

മേൽ പ്രസ്താവിച്ച വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആസ്പദമാക്കിയായിരിക്കണം രൂപരേഖ, വിവരണം സഹിതം തയ്യാറാക്കേണ്ടത്. ഒരാൾക്ക് ഒന്നിൽ കൂടുതൽ വിഷയങ്ങളിൽ ഡിസൈനുകൾ സമർപ്പിക്കാവുന്നതാണ്. 45 ഇഞ്ച് നീളവും 16 ഇഞ്ച് ഉയരവും ഉള്ളതായിരിക്കണം ഡിസൈനുകൾ. ഒറിജിനൽ കളറിൽ തന്നെയാകണം ഡിസൈനുകൾ തയ്യാറാക്കേണ്ടത്. കേന്ദ്രപ്രതിരോധ മന്ത്രാലയത്തിലെ സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഡിസൈൻ, തയ്യാറാക്കിയവർ തന്നെ ഇതിന്റെ ഫാബ്രിക്കേഷൻ ജോലികളും നിർവ്വഹിക്കേണ്ടതാണ്. ക്വട്ടേഷനുകൾ <u>25/09/2015 ന് വൈകുന്നേരം 3 മണിയ്ക്ക്</u> മുൻപായി *ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം* എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.prd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്ന രൂപ കല്പനകളിൽ നിന്ന് വകുപ്പ് തെരഞ്ഞെടുക്കുന്നവയ്ക്ക് 5000/- രൂപ (അയ്യായിരം രൂപ മാത്രം) വീതം ഓണറേറിയം നൽകാവുന്നതാണ്. പ്രതിരോധവകുപ്പ് തെരഞ്ഞെടുക്കുന്ന രൂപകല്പന 3ഡി യിൽ സമർപ്പിക്കുന്നതിന് 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) അനുവദിക്കുവാനും തീരുമാനിക്കുന്നതാണ്. പ്രസ്തുത 3ഡി രൂപ കേന്ദ്രസമിതി അംഗീകരിച്ച് ഫാബ്രിക്കേഷന് നിശ്ചയിക്കുന്ന സാഹചര്യത്തിൽ അത് സമർപ്പിച്ച സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്ത് കരാറിൽ ഏർപ്പെടാവുന്നതാണ്.

മിനി ആന്റണി
ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്.